## ഏലിയ-ശ്ലീവാ-മൂശാക്കാലം  രണ്ടാം ഞായർ – 2016 ആഗസ്റ്റ് 28

(മത്താ. 13: 1-9; 18-23)

**വചനസന്ദേശം: റവ. ഫാ. പോൾ മാടശ്ശേരി**

വിതക്കാരന്റെ ഉപമ ഒരിക്കലും വിതക്കാരനെക്കുറിച്ചല്ല സംസാരിക്കുന്നത്. വിതക്കാരൻ വിതയ്ക്കുന്നതിലെ ശ്രദ്ധയോ അശ്രദ്ധയോ ഇതിന്റെ കേന്ദ്രചിന്തയുമല്ല. വിത്തിനെ സ്വീകരിക്കുന്ന വയലാണ് ഇവിടെ അടിസ്ഥാന പ്രമേയം. അതിനാൽ ഇത് വയലിന്റെ ഉപമയാണ്.

വിതക്കാരൻ ഇവിടെ ഒരു വ്യക്തി തന്നെയാണ്. വിതയ്ക്കുന്ന വിത്തും ഒരു പോലെ ഉള്ളതു തന്നെ. ഈ ഉപമയെ നിയന്ത്രിച്ചു മുന്നേറുന്നത് വ്യത്യസ്തങ്ങളായ വയലുകളാണ്. നാലു തരം വയലുകളാണ് ഇവിടുത്തെ പരാമർശം. 1) വഴിയരിക്  2) പാറക്കൂട്ടം 3) മുൾച്ചെടികൾ 4) നല്ലനിലം.

വ്യക്തിത്വത്തിലെ വ്യത്യസ്ത ഭാവങ്ങളെ വയലുകളായി ഇവിടെ സമന്വയിപ്പിച്ചിരിക്കുന്നു എന്നു വേണം കരുതാൻ. വയലുകൾ നമ്മളാണ്, നമ്മുടെ ജീവിതമാണെന്ന് തിരിച്ചറിയുക; നമ്മളിൽ വിശാലത നഷ്ടപ്പെട്ട വയലിലെ അംശമുണ്ട്. ബന്ധങ്ങൾക്ക് ആഴം നൽകാൻ സാധിക്കാത്ത സ്വാർത്ഥത നിറഞ്ഞ പാറക്കെട്ടും നമ്മുടെ ജീവിതമാകുന്ന വയലിന്റെ ഭാഗം തന്നെ. ധനാസക്തിക്കും ജഡികമോഹത്തിനും അടിമപ്പെട്ട, ആരെയും മുറിപ്പെടുത്താൻതക്ക സംഭാഷണ മുൾച്ചെടികളുള്ള വയലുകളും നമുക്ക് സ്വന്തം.

വചനമാകുന്ന വിത്തിനെ സ്വീകരിച്ച് നന്മ വിളയിക്കുന്നിടമാക്കി നമ്മുടെ ജീവിതമാകുന്ന വയലുകളെ മാറ്റാൻ നമുക്കാകണം. അത്തരത്തിൽ തങ്ങളുടെ ജീവിതവയലുകളെ രൂപപ്പെടുത്തി മറ്റുള്ളവർക്കായി വിട്ടു നൽകിയ ഒട്ടനവധി സ്നേഹത്തിന്റെ പ്രവാചകൻമാർ നമ്മുടെ ചുറ്റുപാടും നമുക്ക് മാതൃകയായുണ്ട്. ഫ്രാൻസീസ് പാപ്പായും, മദർ തെരേസയുമൊക്കെ ആ ഗണത്തിൽപ്പെടുന്നു.

കോട്ടയത്ത് ആർപ്പൂക്കരയിലുള്ള നവജീവൻ ട്രസ്റ്റിന്റെ സാരഥി തോമസ് ചേട്ടനെ പരിചയപ്പെട്ടത് അടുത്തയിടെയാണ്. മൂന്നു മക്കളുള്ള അദ്ദേഹം, കോട്ടയം മെഡിക്കൽ കോളേജിലുണ്ടായിരുന്ന ജോലിയിൽനിന്നും വിരമിച്ചതിനുശേഷമാണ് നവജീവന് തുടക്കം കുറിച്ചത്. കോട്ടയം ജില്ലയിലും പരിസര പ്രദേശത്തും ഒരു നേരത്തെ ഭക്ഷണത്തിനു വേണ്ടി കാത്തിരിക്കുന്ന മൂവായിരത്തിലധികം പേരുടെ മുമ്പിൽ അനുദിനം വസ്ത്രവും ഭക്ഷണവുമായെത്തുന്ന കരുണയുടെ പ്രവാചകനാണ് ഇന്ന് അദ്ദേഹം.

തൊടുപുഴ കെയർഹോംസിൽ ടോമിച്ചൻ എന്ന ടോമി ബ്രദർ സമൂഹം ഉപേക്ഷിച്ച മാനസിക രോഗികളായ 300 ലധികം പേർക്ക് സംരക്ഷണം നൽകി അവരുടെ മുമ്പിൽ വലിയ കരുതലിന്റെ പ്രവാചകനാകുന്നു. ഇങ്ങനെ പോകുന്നു വചനമാകുന്ന വിത്തിനെ സ്വീകരിച്ച് തങ്ങളുടെ വയലുകളെ നന്മ വിളയിക്കുന്നിടമാക്കി തീർക്കുന്നവരുടെ നീണ്ട നിര.

ഫലം പുറപ്പെടുവിക്കാത്ത ഒന്നാമത്തെ വയലിന്റെ പ്രശ്നം, ദുഷ്ടൻ വന്ന് വിത്ത് അപഹരിക്കുന്നതാണ് (13:19). ദൈവികനന്മകൾ നമ്മിൽ വേരു പിടിക്കണമെങ്കിൽ ആദ്യം ചെയ്യേണ്ടത് നമ്മളിലുള്ള  ഇടുങ്ങിയ മനസ്സും അതുളവാക്കുന്ന സ്വാർത്ഥതയും  നമ്മിൽ നിന്നകറ്റുക എന്നതാണ്. നമ്മിൽ കയറിക്കൂടിയിട്ടുള്ള ദുഷ്ടതയുടെ അംശത്തെ നാം തിരിച്ചറിയണം. അവയെ മാറ്റി എടുക്കണം. അപ്പോഴാണ് ദൈവികനന്മകൾ നമ്മിൽ ഫലം പുറപ്പെടുവിക്കാനുള്ള വഴി തെളിയുക.

ദൈവികനന്മയുടെ നൂറുമേനി വിളയിക്കാനുള്ള മറ്റൊരു മാർഗ്ഗം ക്ലേശങ്ങളിലും പീഢകളിലും പിടിച്ചു നിൽക്കുക എന്നതാണ്(13:21). അതുപോലെതന്നെയാണ് നമ്മിലുള്ള ലൗകീക വ്യഗ്രതയെയും ചെറുത്തു തോൽപ്പിക്കുക എന്നതും (13:22). ക്ലേശങ്ങളും നൊമ്പരങ്ങളും നമ്മുടെ ജീവിതത്തിലെ സഹന നൊമ്പരങ്ങളെയാണ് സൂചിപ്പിക്കുന്നതെങ്കിൽ, ലൗകീക വ്യഗ്രതയും ധനാകർഷണവും ജീവിതത്തിന്റെ ആസ്വാദനവശത്തെ പ്രതിനിദാനം ചെയ്യുന്നു.

ദൈവം എല്ലാക്കാലത്തും തന്റെ ജനത്തോട് വിവിധ രീതിയിൽ സംസാരിച്ചിട്ടുണ്ട്, ഈ അവസാനകാലത്ത് തന്റെ പുത്രൻ വഴിയും (ഹെബ്രാ. 1:1-12). അതുപോലെ തന്നെ അബ്രാഹത്തോടും പ്രവാചകൻമാരോടും ദൈവം സംസാരിക്കുന്നത് പഴയനിയമത്തിലും നാം വായിക്കുന്നു. ഇവിടെയൊക്കെ ദൈവത്തിന്റെ വാക്കുകൾ അനുസരിക്കുന്നവരുടെ ജീവിതം അനുഗ്രഹപ്രദമാകുന്നതും

ദൈവവചനത്തിന് മുഖം കൊടുക്കാത്തവരുടെ ജീവിതം പൂർണ്ണനാശത്തിൽ വീഴുന്നതായും നാം കാണുന്നു.

'പോയിരുന്ന് പഠിക്ക്' എന്ന അമ്മയുടെ വാക്കുകൾ കേട്ടില്ലെന്ന് നടിക്കുന്ന കുട്ടികളുണ്ട്. കൈക്കൂലി വാങ്ങാൻ തുടങ്ങുമ്പോൾ 'വേണ്ട' എന്ന മനസ്സിന്റെ സ്വരം കേട്ടില്ലെന്ന് നടിക്കുന്നവരുണ്ട്. ദാമ്പത്യജീവിതത്തിൽ എവിടെയൊക്കെയോ വഴിതെറ്റുന്നു എന്ന് തോന്നുമ്പോൾ 'അതിലെ പോവണ്ട' എന്ന ഉപദേശം തള്ളിക്കളയുന്നവരുണ്ട്. ഒടുവിൽ പരീക്ഷയ്ക്ക് തോൽക്കുമ്പോഴും, കൈക്കൂലിക്കാരനെന്ന് പേരു വീഴുമ്പോഴും, ദാമ്പത്യജീവിതം താറുമാറാകുമ്പോഴും കണ്ണീരൊഴുക്കിയിട്ട് എന്തു കാര്യം?

നമ്മുടെ കുറവുകൾ തിരിച്ചറിഞ്ഞ് ദൈവസന്നിധിയിലേക്ക് മിഴികൾ ഉയർത്താൻ ദൈവം നമുക്ക് അവസരമൊരുക്കുന്നു. ദൈവവചനമാകുന്ന വിത്തിനെ സ്വീകരിക്കുന്ന നന്മനിറഞ്ഞ വയലുകളാക്കി നമ്മുടെ ജീവിതത്തെ നമുക്ക് രൂപപ്പെടുത്താം. അങ്ങനെ ദൈവിക നന്മയുടെ നൂറുമേനി വിളയിക്കുന്നവരാകാം.